**OFFICE OF THE COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin@cochindevaswomboard.org

No. A9. 2158/2019 Dated: 21/02/2019

# ലേലപരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള താഴെ പറയുന്ന ക്ഷേത്രങ്ങളിൽ 2019-20 കാലയളവിലേക്ക് വെടി വഴിപാട് നടത്തുന്നതിനുള്ള അവകാശലേലം/ടെണ്ടർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അതാത് ക്ഷേത്രത്തിന് നേരെ സൂചിപ്പിച്ചിട്ടുള്ള നിരതദ്രവ്യ സംഖ്യ ഡിമാന്റ് ഡ്രാഫ്റ്റ് ആയി സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ എന്ന പേരിൽ എടുത്ത് ഹാജരാക്കേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ആയത് വെള്ളക്കടലാസിൽ സംഖ്യയും, വ്യക്തമായ വിലാസവും എഴുതി **സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ** എന്ന പേരിൽ സീൽ ചെയ്ത് കവറിനു പുറത്ത് ബന്ധപ്പെട്ട ക്ഷേത്രത്തിന്റെ പേരും 2019-20 വെടി ലേലം ടെണ്ടർ എന്നെഴുതി ലേലത്തിന് ഒരു മണിക്കൂർ മുമ്പ് അതാത് ദേവസ്വം ഓഫീസ്സിൽ ലഭിച്ചിരിക്കത്തക്കവിധം അയച്ചിരിക്കേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്ന ആൾക്ക് LE3 ലൈസൻസ് ഉണ്ടായിരിക്കേണ്ടതും, LE2 ലൈസൻസ് പ്രകാരം ക്ഷേത്രത്തിലേക്ക് ആവശ്യമായ അളവ് വെടിമരുന്ന് സപ്ലൈ ചെയ്യേണ്ടതുമാണ്. ലൈസൻസ് ഹാജരാക്കാത്തവരെയും, അഹിന്ദുക്കളെയും ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. ലേലം അതാത് ക്ഷേത്രത്തിന്റെ ദേവസ്വം ഓഫീസ്സിൽ വെച്ച് താഴെ പറയുന്ന സമയത്തും, തിയ്യതിയിലും നടത്തുന്നതാണ്.

| ക്രമ നമ്പർ | ക്ഷേത്രം | തിയ്യതി | സമയം | നിരതദ്രവ്യം |
|---|---|---|---|---|
| 1 | തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം (തൃപ്രയാർ ദേവസ്വം) (2019-20) | 08/03/2019 | 10.00 A.M | 2,50,000/- ക |
| 2 | തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രം (തിരുവഞ്ചിക്കുളം ദേവസ്വം (2019-20) | 08/03/2019 | 11.30 P.M | 25,000/- ക |
| 3 | കൊടുങ്ങല്ലൂർ ശ്രീ കുരുംബ ഭഗവതി ക്ഷേത്രം (ശ്രീ ദേവസ്വം) (2019-20) | 08/03/2019 | 1.00 P.M | 2,00,000/- ക |
| 4 | എറണാകുളം ശിവക്ഷേത്രം (എറണാകുളം ദേവസ്വം) (2019-20) | 15/03/2019 | 10.30 A.M | 50,000/- ക |
| 5 | ചോറ്റാനിക്കര ഭഗവതി ക്ഷേത്രം (ചോറ്റാനിക്കര ദേവസ്വം) (2019-20) | 15/03/2019 | 12.30 P.M | 50,000/- ക |

അതാത് ക്ഷേത്രങ്ങളിലെ ലേലത്തിനായി പ്രസിദ്ധീകരിച്ചിട്ടുള്ള ലേല പരസ്യ നിശ്ചയപ്രകാരമായിരിക്കും ലേലം/ടെണ്ടർ നടത്തുക.

ഈ ലേലത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിലും (www.cochindevaswomboard.org) മേൽ പറഞ്ഞ ക്ഷേത്രങ്ങളിലെ ദേവസ്വം ഓഫീസ്സിലോ, കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്സിലോ ഓഫീസ് പ്രവൃത്തി സമയത്ത് അന്വേഷിച്ചാൽ അറിയാവുന്നതാണ്.

(ഒപ്പ്)
**സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ (ഇൻ ചാർജ്ജ്)**

കൊച്ചിൻ ദേവസ്വം ബോർഡ് കാര്യാലയം,
തൃശ്ശൂർ
തിയ്യതി: 21/02/2019

# ലേലപരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്ന് എല്ലാവരും അറിയുന്നതിനായി.

കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രത്തിൽ **2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31** കൂടിയുള്ള കാലത്തേയ്ക്ക് വഴിപാടുകാർക്ക് വേണ്ടി കതിനവെടി നടത്തുന്നതിനായി വെടി 1 ക്ക് ഏറ്റവും കുറവ് സംഖ്യയ്ക്ക് സുരക്ഷാക്രമീകരണങ്ങൾ, വെടിമരുന്ന്, കൂലിച്ചെലവ് അടക്കം മുഴുവൻ ചുമതലയോടും കൂടി നടത്തിക്കൊള്ളാമെന്നതിലേയ്ക്ക് ലേലവും/ടെണ്ടറും ക്ഷണിക്കുന്നു.

ലേലം/ടെണ്ടർ പങ്കെടുക്കുന്ന ആൾക്ക് LE 3 ലൈസൻസ് ഉണ്ടായിരിക്കേണ്ടതും LE 2 ലൈസൻസ് പ്രകാരം ക്ഷേത്രത്തിലേയ്ക്ക് ആവശ്യമായ quantity വെടിമരുന്ന് സപ്ലൈ ചെയ്യേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 2,50,000 ക. (രണ്ട് ലക്ഷത്തി അമ്പതിനായിരം ഉറുപ്പിക) യുടെ ഡിമാന്റ് ഡ്രാഫ്റ്റ് "സ്പെഷ്യൽ ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ" എന്ന പേരിൽ എടുത്ത് ലേലസമയത്ത് ഹാജരാക്കേണ്ടതാണ്. ലേലം വെടി 1ക്ക് ഏറ്റവും കുറവ് സംഖ്യയ്ക്ക് വിളിക്കുന്ന ആൾക്ക് മൂന്ന് പ്രാവശ്യം വിളിച്ച് ഉറപ്പിക്കുന്നതാണ്. ടെണ്ടറുകൾ വെട്ടിത്തിരുത്തലുകൾ കൂടാതെ സമർപ്പിക്കേണ്ടതാണ്. ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി 2,50,000 ക. (രണ്ട് ലക്ഷത്തി അമ്പതിനായിരം ഉറുപ്പിക)യുടെ ഡിമാന്റ് ഡ്രാഫ്റ്റ് "സ്പെഷ്യൽ ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ" എന്ന പേരിൽ എടുക്കേണ്ടതാണ്. ടെണ്ടർ അടങ്ങിയ കവറിന്റെ മുകളിൽ **"2019-2020 തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രത്തിലെ വെടിവഴിപാട് ടെണ്ടർ"** എന്ന് എഴുതിയിരിക്കേണ്ടതുമാണ്. ലേലം/ടെണ്ടർ **2019 മാർച്ച് മാസം 08-ാം തിയ്യതി** കാലത്ത് 10 മണിക്ക് തൃപ്രയാർ ദേവസ്വം ഓഫീസിൽ വെച്ച് നടത്തുന്നതായിരിക്കും. ലേലത്തിന് ഒരു മണിക്കൂർ മുമ്പുവരെ ടെണ്ടറുകൾ തൃപ്രയാർ ദേവസ്വം ഓഫീസിൽ സ്വീകരിക്കുന്നതാണ്. ലേലനടപടിക്കുശേഷം ടെണ്ടറുകൾ തുറന്നുപ്രസിദ്ധീകരിക്കുന്നതാണ്. ലേലസംഖ്യയാണോ ടെണ്ടർ സംഖ്യയാണോ ഏതാണ് കുറവ് സംഖ്യ എങ്കിൽ ആയത് സ്വീകരിക്കുന്നതാണ്. ദേവസ്വത്തിന് ഗുണകരമായ ലേലം/ടെണ്ടർ ബഹു. ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ഉറപ്പിക്കുന്നതാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WPC No. 6412/12 ഉത്തരവ് പ്രകാരം LE 2 ലൈസൻസി അനുവദിക്കപ്പെട്ട സ്ഥലത്തിന് ഇൻഷൂർ ചെയ്യേണ്ടതും, ക്ഷേത്രത്തിൽ ലേല കാലാവധിയിൽ ഉൾപ്പെടുന്ന കാലയളവിലുള്ള വെടികൾ മുഴുവൻ ലേലക്കാരന്റെ ചുമതലയിലും ഉത്തരവാദിത്വത്തിലും ആകുന്നു. എക്സ്പ്ലോസീവ് ആക്ട് അനുശാസിക്കുന്ന ലൈസൻസ്, 3rd Party Claim അടക്കം ലഭിക്കുന്നതിനായി ഇൻഷൂറൻസ് മറ്റു സുരക്ഷാനടപടികൾ ഇവയെല്ലാം ലേലക്കാരന്റെ ഉത്തരവാദിത്വത്തിൽ പരിപാലിക്കേണ്ടതും അവയുടെ ലംഘനം നിമിത്തമോ ലേലക്കാരന്റേയോ, ടിയാന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടേയോ അശ്രദ്ധ നിമിത്തമോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് തൃപ്രയാർ ദേവസ്വത്തിനോ, കൊച്ചിൻ ദേവസ്വം ബോർഡിനോ യാതൊരുവിധ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു. കൂടാതെ ലേലം കൊണ്ട സംഖ്യയ്ക്ക് തുല്യമായ ബാങ്ക് ഗ്യാരന്റി ടിയാൻ ഹാജരാക്കേണ്ടതുമാണ്. ലേലക്കാരൻ വെടിവഴിപാട് ചെയ്ത് പ്രവൃത്തി മുഴുവനായി സ്വന്തം ചിലവിൽ ഇൻഷൂർ ചെയ്ത് സർട്ടിഫിക്കറ്റ് പ്രവൃത്തി ഏറ്റെടുക്കുന്നതിനുമുമ്പായി ദേവസ്വത്തിൽ ഹാജരാക്കേണ്ടതാണ്.

ടെണ്ടർ കാലാവുധിയിൽ ഉൾപ്പെടുന്ന കാലയളവിലുള്ള വെടികൾ മുഴുവനും ലേലം/ടെണ്ടറുകാരന്റെ ചുമതലയിലും ഉത്തരവാദിത്വത്തിലും ആയിരിക്കും.

(മറുപുറം)

എക്സ്പ്ലോസീവ് നിയമങ്ങളും മറ്റ് ചട്ടങ്ങളും അനുശാസിക്കുന്ന ലൈസൻസുകൾ സുരക്ഷാനടപടികൾ മുതലായവയെല്ലാം ടെണ്ടറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ചെയ്യേണ്ടതാണ്. ടെണ്ടറുകാരന്റേയോ ടിയാന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ അശ്രദ്ധ നിമിത്തമൊ മറ്റേതെങ്കിലും കാരണങ്ങളാലോ ഉണ്ടാകുന്ന സകലവിധ കഷ്ടനഷ്ടങ്ങൾക്കും തൃപ്രയാർ ദേവസ്വത്തിനൊ കൊച്ചിൻ ദേവസ്വം ബോർഡിനൊ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

പതിവായി ദിവസവും വലിയ കതിനകൾ ഉപയോഗിച്ച് 16 വെടികളും, വൃശ്ചികമാസത്തിലെ ഏകാദശിക്ക് രാവിലെ 501 ഉം വൈകീട്ട് 1501 ഉം മീനമാസത്തിലെ പൂരം പുറപ്പാടിന് 1501 ഉം, ഏകാദശി, പത്താമുദയം, പൂരം, വാരം മുതലായ വിശേഷാൽ ദിവസങ്ങളിലും പൂരം എഴുന്നെള്ളിച്ച് പോകുമ്പോഴും മറ്റും പതിവുപോലെ നടത്തിവരുന്ന ആചാരവെടികളും അനുഭവം പറ്റാതേയും ആക്ഷേപങ്ങൾ കൂടാതെയും ടെണ്ടറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ നടത്തേണ്ടതാകുന്നു. പതിവു വെടികളും വഴിപാടു വെടികളും നല്ല വെടിമരുന്ന് ഉപയോഗിച്ച് ആക്ഷേപങ്ങൾക്ക് ഇടനൽകാതെ നടത്തേണ്ടതാകുന്നു. ടെണ്ടറുകാരനോ ടിയാന്റെ തൊഴിലാളികളോ ക്ഷേത്രാചാരങ്ങൾക്ക് വിരുദ്ധമായി പെരുമാറാൻ പാടില്ലാത്തതും ക്ഷേത്രദർശനത്തിന് വരുന്ന ഭക്തന്മാരോട് മര്യാദയായും ആക്ഷേപങ്ങൾക്ക് ഇടനൽകാതേയും പെരുമാറേണ്ടതുമാകുന്നു.

മേൽ നിശ്ചയങ്ങൾക്ക് വിരുദ്ധമായി ടെണ്ടറുകാരനോ ടിയാന്റെ തൊഴിലാളികളോ ആക്ഷേപങ്ങൾക്ക് ഇടവരുത്തുകയോ ദേവസ്വത്തിന് വരുമാനം നഷ്ടപ്പെടുത്തുന്ന രീതിയിൽ പ്രവർത്തിക്കുകയോ മറ്റൊ ചെയ്താൽ ടെണ്ടർ ദുർബ്ബലപ്പെടുത്തുന്നതിനും ആവശ്യാനുസരണം പിഴ ഈടാക്കുന്നതിനും ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കും. ഇതിനുപുറമെ ടെണ്ടറുകാരൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം പിഴയായി മുതൽക്കൂട്ടുന്നതിനും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ടെണ്ടർവയ്ക്കുന്നതിനും മറ്റും യുക്തമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കുന്നതിനും ബോർഡിന് അധികാരം ഉണ്ടായിരിക്കും. വീണ്ടും ടെണ്ടറുകൾ വയ്ക്കേണ്ടിവന്നാൽ അതിൽ ലാഭമുണ്ടായാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടമുണ്ടായാൽ ടിയാനിൽ നിന്നും വസൂലാക്കി എടുക്കുന്നതിന് ദേവസ്വം ബോർഡിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

ലേലം/ടെണ്ടർ ലഭിച്ചയാൾ എക്സ്പ്ലോസീവ് സാമഗ്രികൾ, കൂലിച്ചെലവ്, വെടിമരുന്ന് ചിലവ് എന്നിവ സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യുമെന്ന വിവരം മതിയായ മുദ്രപത്രത്തിൽ എഴുതി ഒപ്പിട്ട് തരേണ്ടതാണ്. ലേലം/ടെണ്ടറുകാരൻ കെട്ടിവെയ്ക്കുന്ന നിരതദ്രവ്യം ടെണ്ടർ കാലാവധിക്കുശേഷം യാതൊരു ബാദ്ധ്യതകളും ഇല്ലെന്ന് ഉറപ്പുവരുത്തിയ ശേഷം മടക്കിക്കൊടുക്കുന്നതായിരിക്കും.

ഏതെങ്കിലും കാരണവശാൽ ടെണ്ടർ നടത്തുന്നതിന് ബുദ്ധിമുട്ടോ, മറ്റ് തടസ്സങ്ങളോ ഉണ്ടായാൽ ടെണ്ടർ നിർത്തിവെച്ച് ബഹുമാനപ്പെട്ട ബോർഡിന്റെ തീർപ്പിന് വിധേയമായി മേൽനടപടികൾ സ്വീകരിക്കുന്നതുമാകുന്നു.

ഈ ലേലം/ടെണ്ടറിനെപറ്റി കൂടുതലായി എന്തെങ്കിലും അറിയണമെന്ന് ആഗ്രഹിക്കുന്നവർ തൃപ്രയാർ ദേവസ്വം ഓഫീസ്സിലോ, കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്സിലോ പ്രവൃത്തിസമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ഒപ്പ്
സ്പെഷ്യൽ ദേവസ്വം കമ്മീഷണർ
ഇൻചാർജ്ജ്

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്,
തൃശ്ശൂർ.
തിയ്യതി: 18-02-2019

# കൊച്ചിൻ ദേവസ്വം ബോർഡ്

## ലേലപരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് സ്പെഷ്യൽ ദേവസ്വം കമ്മീഷണർ ഓഫീസ്സിൽ നിന്നും എല്ലാവരും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നത് :-

തിരുവഞ്ചിക്കുളം ഗ്രൂപ്പിൽപ്പെട്ട തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ **2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31** കൂടിയുള്ള കാലയളവിൽ വഴിപാടുകാർക്കുവേണ്ടി കതിനാവെടി നടത്തുന്നതിനുള്ള അവകാശം **2019 മാർച്ച് മാസം 8-ാം തിയ്യതി കാലത്ത് 11.30ന് തിരുവഞ്ചിക്കുളം ദേവസ്വം ഓഫീസിൽ** വെച്ച് പരസ്യമായി ലേലം ചെയ്ത് ഏല്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ സ്ഥലത്ത് യഥാസമയത്ത് ഹാജരായിരിക്കേണ്ടതും പേർ ഒന്നുക്ക് 25,000ക. യുടെ അഡ്വാൻസ് (നിരതദ്രവ്യം) കെട്ടിവെക്കേണ്ടതും ആണ്. അഡ്വാൻസ് കെട്ടാത്തവരെ യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. എക്സ്പ്ലോസീവ് ആക്റ്റ് പ്രകാരമുള്ള **L.E.-3 ലൈസൻസ്** ഉള്ളവർക്ക് മാത്രമെ ലേലത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളു. ലേലം തുടങ്ങുന്നതിനു മുമ്പ് ലൈസൻസിന്റെ ഒറിജിനൽ അധികാരികളെ കാണിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

പരസ്യലേലത്തിന് പുറമെ സീൽവെച്ച ടെണ്ടറുകൾ നേരിട്ടോ തപാൽ മുഖേനയോ ദേവസ്വം സ്പെഷ്യൽ കമ്മീഷണർ, തൃശ്ശൂർ എന്ന വിലാസത്തിൽ ദേവസ്വം സ്പെഷ്യൽ കമ്മീഷണറുടെ പേരിൽ മാറാവുന്ന 25,000ക. യുടെ ഡിമാന്റ് ഡ്രാഫ്റ്റ്, എക്സ്പ്ലോസീവ് ആക്റ്റ് പ്രകാരമുള്ള ലൈസൻസിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പി സഹിതം തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, കൊടുങ്ങല്ലൂർ എന്ന വിലാസത്തിൽ **2019 മാർച്ച് മാസം 8-ാം തിയ്യതി** കാലത്ത് 11 മണിക്ക് മുമ്പായി സമർപ്പിക്കാവുന്നതാണ്. ടെണ്ടറുകൾ പരസ്യലേലം കഴിഞ്ഞാലുടനെ പൊട്ടിക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളിന് ടെണ്ടർ/ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതാണ്. ലേലം സ്ഥിരപ്പെടുത്തിക്കൊണ്ട് കൊച്ചിൻ ദേവസ്വം ബോർഡിന്റെ കല്പന വന്നാൽ ലേലം കൊണ്ടയാളെ വിവരം അറിയിക്കുന്നതും അപ്രകാരം അറിവു കിട്ടി മൂന്ന് ദിവസത്തിനകം ലേലസംഖ്യയുടെ മൂന്നിലൊന്ന് സംഖ്യ തിരുവഞ്ചിക്കുളം ദേവസ്വം ഓഫീസിൽ അടയ്ക്കേണ്ടതുമാകുന്നു. ലേലം കൊണ്ടയാളുടെ നിരതദ്രവ്യം ലേലസംഖ്യയിലേക്ക് വരവ് വെക്കുന്നതും ബാക്കിയുള്ളവരുടെ സംഖ്യ ലേലാവസാനം മടക്കിക്കൊടുക്കുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് ലഭിച്ച് മൂന്ന് ദിവസത്തിനകം ബാങ്ക് ഗ്യാരണ്ടി ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം ലേലം ദുർബ്ബലപ്പെടുത്തുന്നതുമാണ്. ഹിന്ദുക്കളല്ലാത്തവരെ ലേലത്തിൽ പങ്കുചേരുവാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല. ലേലം സ്ഥിരപ്പെടുത്തി വന്നതിനുശേഷം ലേലക്കാരന്റെ ചിലവിന്മേൽ മുദ്രപത്രത്തിൽ ദേവസ്വത്തിൽ നിന്നും നിശ്ചയിക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കച്ചീട്ട് എഴുതി തയ്യാറാക്കി തരേണ്ടതാണ്. ലേലക്കാരൻ വഴിപാടുകാരിൽ നിന്നും വെടി ഒന്നുക്ക് 15 ക. വസൂൽ ചെയ്ത് നടത്തിക്കൊടുക്കേണ്ടതുമാണ്.

*(മറുപുറം)*

പതിവായി വെളുപ്പാൻകാലത്ത് 3 മണിക്ക് നിയമവെടി, പന്തീരടി, ഉച്ചപൂജ കഴിഞ്ഞ് നടതുറക്കൽ, ദീപാരാധന, അത്താഴപൂജ എന്നിവയ്ക്ക് മൂന്ന് വെടി വീതവും ആണ്ടുവിശേഷങ്ങൾക്ക് കീഴ്‌വഴക്കം പതിവുപ്രകാരവും വെടി നടത്തേണ്ടതാണ്.

ഉത്സവകാലത്ത് വിശേഷാൽ വെടികളുള്ളതിനാൽ വഴിപാടുകാരിൽ നിന്നും സംഖ്യ വാങ്ങിച്ച് ദീപാരാധന സമയത്തു മാത്രമെ വെടി നടത്തുവാൻ പാടുള്ളു.

മേൽ നിശ്ചയിച്ച പ്രകാരം പ്രവർത്തിക്കാതെ ലേലക്കാരൻ എന്തെങ്കിലും ആക്ഷേപത്തിനിടവരുത്തുകയോ മറ്റോ ചെയ്താൽ ലേലം ദുർബ്ബലപ്പെടുത്തുകയോ അവസ്ഥാനുസരണം പിഴയിടുകയോ ചെയ്യുന്നതിന് ദേവസ്വത്തിന് അധികാരമുള്ളതാകുന്നു. മേൽപ്രകാരം ലേലക്കാരൻ പ്രവർത്തിക്കാതിരുന്നാൽ ദേവസ്വത്തിൽ അടച്ച സംഖ്യ വഴിപാടായി മുതൽകൂട്ടി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിന്മേൽ വീണ്ടും ലേലം വിളിക്കുകയോ മറ്റു യുക്തമെന്ന് തോന്നുന്ന നടപടി സ്വീകരിക്കുകയോ ചെയ്യുന്നതും അതിൽവെച്ച് ലാഭമുണ്ടായാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടമുണ്ടായാൽ ടിയാനിൽ നിന്നോ ടിയാന്റെ സ്വത്തുക്കളിൽ നിന്നോ വസൂൽ ചെയ്യുന്നതുമാകുന്നു.

ലേലക്കാരൻ Third Party കവറേജുള്ള Comprehensive Insurance Policy എടുക്കേണ്ടതാണ്.

പതിവുവെടിയും വഴിപാടു വെടിയും വീഴ്ചകൂടാതെ നടത്തേണ്ടതാണ്. വെടിക്കുള്ള ടിക്കറ്റ് വെടിപ്പുരയ്ക്കു സമീപത്തുവെച്ച് മാത്രമെ വില്പന നടത്തുവാൻ പാടുള്ളു. മേൽപ്രകാരമല്ലാത്ത മറ്റു സ്ഥലങ്ങളിൽ വെച്ച് ടിക്കറ്റ് കൊടുക്കുവാനോ വഴിപാടുകാരെ ക്യാൻവാസ് ചെയ്യുവാനോ പാടുള്ളതല്ല. ദേവസ്വത്തിന്റെ അനുമതിയില്ലാതെ ലേലം കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.

ലേലക്കാരൻ ലേലസംഖ്യയുടെ മൂന്നിൽ ഒന്ന് സംഖ്യ അടച്ചത് കഴിച്ച് ബാക്കി സംഖ്യ ഒരു മാസത്തിനകം ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാണ്. ഇപ്രകാരം സംഖ്യ അടയ്ക്കാത്ത പക്ഷം ലേലം ദുർബലപ്പെടുത്തി വെടി അവകാശം ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിന്മേൽ വീണ്ടും ലേലം ചെയ്യുന്നതുമാകുന്നു. ലേലക്കാരൻ ക്ഷേത്രാചാരങ്ങൾക്കു വിരുദ്ധമായി പെരുമാറാൻ പാടില്ലാത്തതും ക്ഷേത്രദർശനത്തിനു വരുന്നവരോട് മര്യാദയായും ആക്ഷേപങ്ങൾക്ക് ഇടവരുത്താതേയും പെരുമാറേണ്ടതുമാണ്. ലേലം വേണ്ടെന്നുവെക്കുന്നതിനോ യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനോ ഉള്ള അധികാരം കൊച്ചിൻ ദേവസ്വം ബോർഡ് സ്പെഷ്യൽ ദേവസ്വം കമ്മീഷണർക്ക് ഉണ്ടായിരിക്കുന്നതാണ്. സ്പെഷ്യൽ ദേവസ്വം കമ്മീഷണറുടെ ശുപാർശ പ്രകാരം ലേലം ഉറപ്പിക്കുന്നതിനുള്ള അധികാരം കൊച്ചിൻ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിട്ടുള്ളതും ലേലം മൂലം നഷ്ടം അനുഭവിക്കുന്നതായി തോന്നുന്നപക്ഷം ലേലം ഉറപ്പിക്കുവാതിരിക്കുവാനും പുനർലേലം ചെയ്യുവാനും ദേവസ്വം ബോർഡിന് അധികാരമുണ്ട്.

ഈ ലേലത്തെപറ്റി കൂടുതൽ വിവരങ്ങൾ അറിയണമെന്ന് ആഗ്രഹിക്കുന്നവർ താഴെ പറയുന്ന ഓഫീസുകളിൽ അന്വേഷിക്കണ്ടതാണ്.

1. തിരുവഞ്ചിക്കുളം ദേവസ്വം ഓഫീസ്.
2. അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്, തിരുവഞ്ചിക്കുളം ഗ്രൂപ്പ്.
3. കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്, തൃശ്ശൂർ.

ഒപ്പ്
സ്പെഷ്യൽ ദേവസ്വം കമ്മീഷണർ
ഇൻചാർജ്ജ്

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്,
തൃശ്ശൂർ.
തിയ്യതി: 18-02-2019

# പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്സിൽ നിന്നും എല്ലാവരും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നത് :-

തിരുവഞ്ചിക്കുളം ഗ്രൂപ്പിൽപ്പെട്ട ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിൽ **2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31** കൂടിയുള്ള കാലയളവിൽ വഴിപാടുകാർക്കു വേണ്ടി കതിനാവെടി നടത്തുന്നതിനുള്ള അവകാശം **2019 മാർച്ച് മാസം 08–ാം തിയ്യതി ഉച്ചക്ക് 1.00 മണിക്ക്** ശ്രീദേവസ്വം ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് ഏല്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ സ്ഥലത്തും സമയത്തും ഹാജരായിരിക്കേണ്ടതും സ്പെഷ്യൽ ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ എന്ന പേരിൽ പേർ ഒന്നുക്ക് 2,00,000/-(രണ്ടുലക്ഷം മാത്രം)കയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അഡ്വാൻസ് ആയി കെട്ടിവെക്കേണ്ടതും അഡ്വാൻസ് കെട്ടിവെക്കാത്തവരെ ലേലത്തിൽ ചേരുവാൻ അനുവദിക്കുന്നതല്ലാത്തതുമാകുന്നു. സീൽ വെച്ച ടെണ്ടറുകൾ നേരിട്ടോ തപാൽ മുഖേനയോ ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ, തിരുവഞ്ചിക്കുളം ഗ്രൂപ്പ്, കൊടുങ്ങല്ലൂർ എന്ന വിലാസത്തിൽ **2019 മാർച്ച് മാസം 08–ാം തിയ്യതി** പകൽ 12 മണിക്കു മുമ്പായി 2,00,000/-(രണ്ടുലക്ഷം മാത്രം)കയുടെ സ്പെഷ്യൽ ദേവസ്വം കമ്മീഷണറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം കൊടുങ്ങല്ലൂർ ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്സിൽ സമർപ്പിക്കാവുന്നതാണ്. ടെണ്ടർ അടക്കം ചെയ്ത കവറിനു മുകളിൽ **"ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിലെ വെടിവഴിപാട് ലേലം"** എന്ന് എഴുതിയിരിക്കേണ്ടതാണ്. ടെണ്ടറുകൾ പരസ്യലേലം കഴിഞ്ഞാലുടനെ പൊട്ടിക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ സംഖ്യ ഏതെന്നുവെച്ചാൽ ടിയാന്റെ പേരിൽ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ്. താൽക്കാലികമായി സ്ഥിരപ്പെടുത്തുന്ന ആളുടെ പേര് വിവരം ബഹു. ദേവസ്വം ബോർഡിലേക്ക് ശുപാർശ ചെയ്യുന്നതും ബഹു.ബോർഡിന്റെ അംഗീകാരം ലഭിക്കുന്നപക്ഷം മാത്രം ലേലം പൂർണ്ണമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. വെടിവഴിപാട് ലേലത്തിൽ പങ്കെടുക്കുന്ന ആൾക്ക് LE-3 ലൈസൻസ് ഉണ്ടായിരിക്കേണ്ടതും LE-2 ലൈസൻസ് പ്രകാരം ക്ഷേത്രത്തിന് ആവശ്യമായ Quantity വെടിമരുന്ന് സപ്ലൈ ചെയ്യേണ്ടതുമാണ്. ലൈസൻസ് ഹാജരാക്കാത്തവരെ ആരെയും ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. അഹിന്ദുക്കളെ ലേലത്തിൽ ചേരുവാൻ അനുവദിക്കുന്നതല്ല.

ലേലം സ്ഥിരപ്പെടുത്തി കല്പന വന്നാൽ ലേല്ലക്കാരെ വിവരം അറിയിക്കുന്നതും അപ്രകാരം അറിവുകിട്ടി മൂന്ന് ദിവസത്തിനകം ലേലസംഖ്യയുടെ പകുതിഭാഗം ശ്രീദേവസ്വം ഓഫീസ്സിൽ അടയ്ക്കേണ്ടതുമാകുന്നു. ലേലം ആരുടെ പേരിൽ ഉറപ്പിച്ചുവോ ആ ആളിന്റെ ഒഴികെ ബാക്കിയുള്ളവരുടെ ഡിമാന്റ് ഡ്രാഫ്റ്റ് ലേലാവസാനം തിരിച്ചു കൊടുക്കുന്നതും ലേലക്കാരൻ കെട്ടിവെച്ച സംഖ്യ ഏല്പനകാലമായ **2020 മാർച്ച് 31** ന് ശേഷം ടിയാന്റെ പേരിൽ ചുമതലകൾ ഒന്നുംതന്നെയില്ലെന്ന് നിശ്ചയിച്ച ശേഷം മാത്രം തിരികെ കൊടുക്കുന്നതുമാകുന്നു.

ലേലം സ്ഥിരപ്പെടുത്തി വന്നതിനുശേഷം ലേലക്കാരൻ തന്റെ സ്വന്തം ചെലവിൽ മുദ്രപത്രത്തിൽ ദേവസ്വത്തിൽ നിന്നും നിശ്ചയിക്കുന്നതരത്തിൽ ഒരു കച്ചീട്ട് എഴുതി തരേണ്ടതും ദേവസ്വം നിശ്ചയിക്കുന്ന ബാങ്ക് ഗ്യാരണ്ടി ഹാജരാക്കേണ്ടതുമാകുന്നു. കച്ചീട്ടും ബാങ്ക് ഗ്യാരണ്ടിയും വെച്ച ശേഷം മാത്രമേ ലേലക്കാരനെ വെടിവഴിപാട് നടത്തുവാൻ അനുവദിക്കുകയുള്ളൂ.

ലേലക്കാരൻ വഴിപാടുകാരിൽ നിന്ന് വെടി 1 ക്ക്. 15/-ക. പ്രകാരം വസൂൽ ചെയ്ത് വഴിപാട് നടത്തിക്കൊടുക്കേണ്ടതാണ്. പതിവായി വെളുപ്പാൻകാലത്ത് 3 മണിക്ക് (3 മണി നിയമവെടി), പന്തീരടി, ഉച്ചപൂജ, ഉച്ചകഴിഞ്ഞ് നടതുറക്കൽ, ദീപാരാധന, അത്താ

ഴപൂജ എന്നിവയ്ക്ക് 3 വെടി വീതവും ആണ്ട് വിശേഷങ്ങൾക്ക് കീഴ്വഴക്കം പതിവുപ്രകാരവും വെടി നടത്തേണ്ടതാകുന്നു. താലപ്പൊലികാലത്ത് വിശേഷാൽ വെടികളുള്ളതിനാൽ വഴിപാടുകാരിൽ നിന്നും സംഖ്യ വാങ്ങിച്ച് ദീപാരാധന സമയത്തു മാത്രമേ വെടി നടത്തുവാൻ പാടുള്ളു. കോഴിക്കല്ല് മൂടുന്നതു മുതൽ അശ്വതിക്കാവു തീണ്ടുന്നതുവരെയുള്ള ദിവസങ്ങളിൽ വെടിവഴിപാടുകൾ നടതുറപ്പു ദിവസം നടത്തേണ്ടതാകുന്നു. മേൽനിശ്ചയ പ്രകാരം ലേലക്കാരൻ എന്തെങ്കിലും ആക്ഷേപങ്ങൾക്ക് ഇടവരുത്തുകയോ മറ്റോ ചെയ്താൽ ലേലം ദുർബലപ്പെടുത്തുകയോ അവസ്ഥാനുസരണം പിഴയിടുകയോ ചെയ്യുന്നതിന് ദേവസ്വത്തിന് അധികാരമുള്ളതാകുന്നു. മേൽപ്രകാരം ലേലക്കാരൻ നടത്താതിരുന്നാൽ ദേവസ്വത്തിൽ അടച്ച സംഖ്യ പിഴയായി മുതൽകൂട്ടി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിന്മേൽ വീണ്ടും ലേലം വിളിക്കുകയും മറ്റ് യുക്തമെന്നു തോന്നുന്ന നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതും അതിൽവെച്ച് ലാഭമുണ്ടായാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടമുണ്ടായാൽ ടിയാനിൽ നിന്നോ ടിയാന്റെ സ്വത്തുക്കളിൽ നിന്നോ വസൂൽ ചെയ്യുന്നതുമാകുന്നു.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WPC No.6412/12 ഉത്തരവ് പ്രകാരം LE2 ലൈസൻസി അനുവദിക്കപ്പെട്ട സ്ഥലത്തിന് ഇൻഷൂർ ചെയ്യേണ്ടതും, ക്ഷേത്രത്തിൽ ലേല കാലാവധിയിൽ ഉൾപ്പെടുന്ന കാലയളവിലുള്ള വെടികൾ മുഴുവൻ ലേലക്കാരന്റെ ചുമതലയിലും ഉത്തരവാദിത്വത്തിലും ആകുന്നു. എക്സ്പ്ലോസീവ് ആക്ട് അനുശാസിക്കുന്ന ലൈസൻസ്, 3rd Party Claim അടക്കം ലഭിക്കുന്നതായി ഇൻഷുറൻസ് മറ്റു സുരക്ഷാ നടപടികൾ ഇവയെല്ലാം ലേലക്കാരന്റെ ഉത്തരവാദിത്വത്തിൽ പരിപാലിക്കേണ്ടതും അവയുടെ ലംഘനം നിമിത്തമോ ലേലക്കാരന്റേയോ, ടിയാന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടേയോ അശ്രദ്ധ നിമിത്തമോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ശ്രീദേവസ്വത്തിനോ, കൊച്ചിൻ ദേവസ്വം ബോർഡിനോ യാതൊരുവിധ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു. കൂടാതെ ലേലം കൊണ്ട സംഖ്യയ്ക്ക് തുല്യമായ ബാങ്ക് ഗ്യാരന്റി ടിയാൻ ഹാജരാക്കേണ്ടതുമാണ്. ലേലക്കാരൻ വെടിവഴിപാട് ചെയ്ത് പ്രവൃത്തി മുഴുവനായി സ്വന്തം ചിലവിൽ ഇൻഷൂർ ചെയ്ത് സർട്ടിഫിക്കറ്റ് പ്രവൃത്തി ഏറ്റെടുക്കുന്നതിനുമുമ്പായി ദേവസ്വത്തിൽ ഹാജരാക്കേണ്ടതാണ്.

ലേലക്കാരൻ വെടിവെക്കുന്നതിനാവശ്യമായ വെടിമരുന്ന് ക്ഷേത്രമതിൽക്കകത്ത് ക്ഷേത്രത്തിന് തെക്കു കിഴക്കുഭാഗത്ത് ദേവസ്വത്തിൽ നിന്നും പണികഴിപ്പിച്ചിട്ടുള്ള മാഹസനിൽ സൂക്ഷിക്കേണ്ടതും, വെടിക്കുള്ള ടിക്കറ്റ് വെടിപ്പുരക്ക് സമീപത്തുവെച്ച് മാത്രം വില്പന നടത്തേണ്ടതുമാണ്. മേൽപ്രകാരം അല്ലാത്ത മറ്റു സ്ഥലങ്ങളിൽ വെച്ച് ടിക്കറ്റ് കൊടുക്കുവാൻ പാടില്ലാത്തതും ക്യാൻവാസ് ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു. വെടിപ്പുരയുടെ കറന്റ് ചാർജ്ജായി പ്രതിമാസം 150 രൂ. വീതം വെടിലേല സംഖ്യ അടയ്ക്കുന്നതോടൊപ്പം തന്നെ ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാണ്.

ലേലക്കാരൻ ലേലസംഖ്യയുടെ പകുതി സംഖ്യ അടച്ചതു കഴിച്ച് ബാക്കി സംഖ്യ ആറ് തവണകളായി (2019 ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, ഒക്ടോബർ, ഡിസംബർ, 2020-ഫെബ്രുവരി) അതാത് മാസം 10-ാം തിയ്യതിക്കു മുമ്പായി ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. ഏതെങ്കിലും തവണ സംഖ്യ അടയ്ക്കാതെ വന്നാൽ ക്രമപ്രകാരം 20% പലിശ സഹിതം അടയ്ക്കേണ്ടതുമാകുന്നു. 3 തവണയിൽ കൂടുതൽ കുടിശ്ശിക വരുന്ന പക്ഷം ലേലം ദുർബലപ്പെടുത്തി ഈ അവകാശം ആദ്യലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിന്മേൽ വീണ്ടും ലേലം ചെയ്യുന്നതുമാകുന്നു.

ലേലക്കാരൻ ക്ഷേത്രാചാരങ്ങൾക്കു വിരുദ്ധമായി പെരുമാറുവാൻ പാടില്ലാത്തതും ക്ഷേത്രദർശനത്തിനു വരുന്നവരോട് മര്യാദയായും ആക്ഷേപങ്ങൾക്ക് ഇടവരുത്താതേയും പെരുമാറേണ്ടതുമാണ്. ലേലം വേണ്ടെന്നുവെക്കുന്നതിനോ യുക്തമെന്ന് തോന്നുന്ന മറ്റ് നടപടികൾ സ്വീകരിക്കുന്നതിനോ താഴെ പറയുന്ന ആൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ഈ ലേലത്തെപറ്റി കൂടുതൽ വിവരങ്ങൾ അറിയണമെന്ന് ആഗ്രഹിക്കുന്നവർ ഈ ഓഫീസിലോ ശ്രീ ദേവസ്വം ഓഫീസിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

**ഒപ്പ്**
**സ്പെഷ്യൽ ദേവസ്വം കമ്മീഷണർ**
**(ഇൻചാർജ്ജ്)**

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്,
തൃശ്ശൂർ.
തിയ്യതി: 18/02/2019

# ലേല പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും എല്ലാവരും അറിയുന്നതിനായി.

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തൃപ്പൂണ്ണിത്തുറ ഗ്രൂപ്പിൽപ്പെട്ട എറണാകുളം ശിവക്ഷേത്രത്തിൽ ദർശനത്തിന് വരുന്നതായ ഭക്തജനങ്ങൾക്ക് **2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 കൂടി വഴിവാട് കതിനവെടി** നടത്തുന്നതിനുള്ള പിരിവെടുക്കുന്നതിനുള്ള അവകാശം **2019 മാർച്ച്** മാസം **15-ാം തിയ്യതി പകൽ 10.30 മണിക്ക്** എറണാകുളം ദേവസ്വം ഓഫീസിൽ വെച്ച് പരസ്യമായി ലേലം വിളിച്ച് ഏൽപ്പിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

ലേലത്തിന് പങ്കെടുക്കുന്നതിന് ആഗ്രഹിക്കുന്നവർ സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും പേർ 1 ക്ക് 50,000/- (അമ്പതിനായിരം) ഉറുപ്പിക വീതം അഡ്വാൻസ് കെട്ടിവെയ്ക്കേണ്ടതും ആകുന്നു. അഡ്വാൻസ് സംഖ്യ കെട്ടിവയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുക്കുന്നതിന് അനുവദിക്കാത്തതും ആകുന്നു.

വെടിവഴിപാട് ലേലത്തിൽ പങ്കെടുക്കുന്ന ആൾക്ക് LE-3 ലൈസൻസ് ഉണ്ടായിരിക്കേണ്ടതും LE-2 ലൈസൻസ് പ്രകാരം ക്ഷേത്രത്തിന് ആവശ്യമായ Quantity വെടിമരുന്ന് സപ്ലൈ ചെയ്യേണ്ടതുമാണ്. ലൈസൻസ് ഹാജരാക്കത്തവരെ ആരെയും ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. അഹിന്ദുക്കളെ ലേലത്തിൽ ചേരുവാൻ അനുവദിക്കുന്നതല്ല.

ലേലം ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുകളുടെ പേരിൽ മൂന്നു വാക്ക് വിളിച്ചു നിർത്തി ഉറപ്പിക്കുന്നതും ലേലംകൊണ്ട ആൾ ലേല സംഖ്യയുടെ 15% തൽക്ഷണം കെട്ടിവെയ്ക്കേണ്ടതും ബാക്കി 10% ~~ഹൈക്കോടതി~~യുടെ അംഗീകാരം ലഭിച്ചതിനുശേഷം ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാണ്.

ടെൻണ്ടർ വെയ്ക്കുവാൻ ആഗ്രഹിക്കുന്നവർ ആയത് വെള്ളക്കടലാസിൽ സംഖ്യ എഴുതി 50,000/-ക(അമ്പതിനായിരം) യുടെ ഡിമാന്റ് ഡ്രാഫ്റ്റ് സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ, കൊച്ചിൻ ദേവസ്വം ബോർഡ് എന്ന പേരിൽ അടക്കം ചെയ്ത കവറിൽ സീൽ ചെയ്ത് പുറത്ത് **"എറണാക്കുളം ശിവക്ഷേത്രം 2019-2020 വെടി ലേല ടെൻണ്ടർ"** എന്നെഴുതി ലേലത്തിന് 1 മണിക്കൂർ മുൻപ് എറണാകുളം ദേവസ്വത്തിൽ കിട്ടത്തകവിധം അയച്ചിരിക്കേണ്ടതാകുന്നു. ലേലം കഴിഞ്ഞ ഉടനെ തന്നെ ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ ടെൻഡർ തുറക്കുന്നതും ലേലത്തെക്കാൾ കൂടുതൽ സംഖ്യക്ക് ടെണ്ടർ ഉണ്ടെങ്കിൽ ആയത് ഉറപ്പിക്കുന്നതിന് ശുപാർശ ചെയ്യുന്നതുമാകുന്നു.

ലേല സംഖ്യയിൽ ബാക്കി അടയ്ക്കേണ്ടതായ സംഖ്യ മൂന്ന് തുല്യ ഗഡുക്കളായി സെപ്തംബർ, ഡിസംബർ, ഫെബ്രുവരി എന്നീ മാസങ്ങളിൽ 10-ാം തിയ്യതിക്കകം അടച്ച് രശീതി വാങ്ങേണ്ടതാകുന്നു. അപ്രകാരം സംഖ്യ അടയ്ക്കാതിരുന്നാൽ 100/-കയ്ക്ക് 20% വീതം കൂടുന്ന പലിശയോടുകൂടി അടയ്ക്കേണ്ടതാകുന്നു.

ലേലം കൊണ്ട ആളുടെ തൊട്ടടുത്ത് കൂടുതൽ സംഖ്യയ്ക്ക് വിളിച്ച ആളുടെ ഒഴികെ ബാക്കിയുള്ളവരുടെ അഡ്വാൻസ് സംഖ്യ ലേലാവസാനത്തിൽ മടക്കി കൊടുക്കുന്നതും ലേലക്കാരൻ അഡ്വാൻസായി കെട്ടിവെച്ച 50,000/-ക ലേല കാലാവധിയുടെ അവസാനം ടിയാന് ദേവസ്വത്തിലേക്ക് ബാദ്ധ്യതയൊന്നുമില്ലെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം മടക്കി കൊടുക്കുന്നതുമാകുന്നു. ലേലം സ്ഥിരപ്പെടുത്തുന്നതു തുടങ്ങി ലേല നടപടികൾ അവസാനിക്കുന്ന മുറക്ക് രണ്ടാമതായി ലേലം കൊണ്ടുവരുന്ന വ്യക്തിയുടെ അഡ്വാൻസ് സംഖ്യ മടക്കി നൽകുന്നതാണ്.

ലേല നടപടികൾ ലേലം സ്ഥിരപ്പെടുത്തി കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്നും ഉത്തരവാകുന്നതുവരെ തുടരുന്നതും അതിനുമുൻപ് ലേലം പൂർത്തിയായെന്നു കരുതുവാൻ പാടില്ലാത്തതും ആകുന്നു. ലേല നടപടികൾ പരിശോധിച്ച് ഏതെങ്കിലും രീതിയിലുള്ള അപാകതകൾ കാണുന്നപക്ഷം വീണ്ടും ലേലം ചെയ്യുന്നതിന് ബോർഡിന് അധികാരമുള്ളതുമാകുന്നു.

ലേലം സ്ഥിരപ്പെടുത്തി കൽപ്പന വന്നാൽ ഉടനെ ലേലക്കാരന് ദേവസ്വത്തിൽ നിന്ന് അറിവു കൊടുക്കുന്നതും ലേലക്കാരൻ ദേവസ്വത്തിൽ നിന്ന് തയ്യാറാക്കി തരുന്ന പ്രകാരം **"കച്ചീട്ട്"** എഴുതി മുദ്രപത്രത്തിൽ ലേലക്കാരന്റെ സ്വന്തം ചിലവിൽ എഴുതി തരേണ്ടതാകുന്നു. കച്ചീട്ട് വ്യവസ്ഥ പ്രകാരം പ്രവർത്തിക്കാതിരുന്നാൽ ടിയാൻ അടച്ചിട്ടുള്ളതായ സംഖ്യ പിഴയായി പിടിച്ച് മുതൽ കൂട്ടുന്നതും ടിയാന്റെ ഉത്തരവാദിത്വത്തിൽ ടി അവകാശം രണ്ടാമതും ലേലം നടത്തുന്നതും അതിൽവെച്ച് ലാഭമുണ്ടായാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടം സംഭവിച്ചാൽ ടിയാനിൽ നിന്നും നികുതി ബാക്കി വസൂലാക്കുന്ന രീതിയിൽ വസൂൽ ചെയ്യുന്നതും അതിൽ വരുന്നതായ സകലവിധ കഷ്ടനഷ്ടങ്ങൾക്കും ടിയാൻ ബാദ്ധ്യസ്ഥനുമാണ്.

വഴിവാട് കതിനവെടി നടത്തുന്നതിനുള്ള അവകാശം പിരിവെടുക്കുന്നതിന് ഹിന്ദുക്കളല്ലാത്തവരെ അനുവദിക്കുന്നതല്ല. വഴിവാട് കതിനവെടി നടത്തുന്നതിനുള്ള അവകാശം ലേലം കൊണ്ട ആൾ വഴിവാട്കാരിൽ നിന്നും ഏതൊരു വെടിക്കും **വെടി 1-ന് 15/- (പതിനഞ്ച് ഉറുപ്പിക)** പ്രകാരം മാത്രം വസൂൽ ചെയ്ത് വഴിവാട് നടത്തേണ്ടതാകുന്നു. പതിവായി ദിവസവും വലിയ കതിനകൾ ഉപയോഗിച്ച് നിയമ വെടികളും വിശേഷാൽ എഴുന്നെള്ളിച്ച് പോകുമ്പോൾ നടത്തിവരുന്ന ആചാരവെടികളും അനുഭവം പറ്റാതെയും ആക്ഷേപങ്ങൾ കൂടാതെയും ലേലക്കാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ നടത്തേണ്ടതുമാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WPC No.6412/12 ഉത്തരവ് പ്രകാരം LE2 ലൈസൻസി അനുവദിക്കപ്പെട്ട സ്ഥലത്തിന് ഇൻഷൂർ ചെയ്യേണ്ടതും, ക്ഷേത്രത്തിൽ ലേല കാലാവധിയിൽ ഉൾപ്പെടുന്ന കാലയളവിലുള്ള വെടികൾ മുഴുവൻ ലേലക്കാരന്റെ ചുമതലയിലും ഉത്തരവാദിത്വത്തിലും ആകുന്നു. എക്സ്പ്ലോസീവ് ആക്ട് അനുശാസിക്കുന്ന ലൈസൻസ്, 3rd Party Claim അടക്കം ലഭിക്കുന്നതായി ഇൻഷുറൻസ് മറ്റു സുരക്ഷാ നടപടികൾ ഇവയെല്ലാം ലേലക്കാരന്റെ ഉത്തരവാദിത്വത്തിൽ പരിപാലിക്കേണ്ടതും അവയുടെ ലംഘനം നിമിത്തമോ ലേലക്കാരന്റേയോ, ടിയാന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടേയോ അശ്രദ്ധ നിമിത്തമോ

ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് എറണാകുളം ദേവസ്വത്തിനോ, കൊച്ചിൻ ദേവസ്വം ബോർഡിനോ യാതൊരുവിധ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു. കൂടാതെ ലേലം കൊണ്ട സംഖ്യയ്ക്ക് തുല്യമായ ബാങ്ക് ഗ്യാരന്റി ടിയാൻ ഹാജരാക്കേണ്ടതുമാണ്. ലേലക്കാരൻ വെടിവഴിപാട് ചെയ്ത് പ്രവൃത്തി മുഴുവനായി സ്വന്തം ചിലവിൽ ഇൻഷൂർ ചെയ്ത് സർട്ടിഫിക്കറ്റ് പ്രവൃത്തി ഏറ്റെടുക്കുന്നതിനുമുമ്പായി ദേവസ്വത്തിൽ ഹാജരാക്കേണ്ടതാണ്.

ലേലത്തെ സംബന്ധിച്ച് മേൽ നിശ്ചയിച്ചിട്ടുള്ള സംഗതികൾക്ക് വിരുദ്ധമായി ലേലക്കാരനോ ടിയാന്റെ തൊഴിലാളികളോ ആക്ഷേപങ്ങൾക്ക് ഇടവരുത്തുകയോ മറ്റോ ചെയ്താൽ ലേലം ദുർബലപ്പെടുത്തുന്നതിന് ദേവസ്വം ബോർഡിന് അധികാരമുള്ളതാകുന്നു. ഇതിനു പുറമെ ലേലക്കാരൻ ദേവസ്വത്തിൽ കെട്ടിവെച്ച സംഖ്യ പിഴയായി പിടിച്ച് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം വിളിക്കുന്നതുമാകുന്നു.

ഏതെങ്കിലും കാരണവശാൽ ഈ അവകാശം രണ്ടാമതും ലേല വിളിക്കേണ്ടതായി വന്നാൽ അതിൽ വെച്ച് ലാഭമുണ്ടായാൽ ലേലക്കാരന് അവകാശമില്ലാത്തതും നഷ്ടം സംഭവിച്ചാൽ ടിയാനിൽ നിന്നും വസൂലാക്കിയെടുക്കുന്നതിനും ദേവസ്വത്തിന് അധികാരമുള്ളതാകുന്നു. ലേലക്കാരൻ സ്വന്തം ചിലവിൽ വെടിയുടെ നിരക്ക് പ്രദർശിപ്പിക്കേണ്ടതും ആകുന്നു. ലേലത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ആഗ്രഹിക്കുന്നവർ ഈ ഓഫീസിലോ എറണാകുളം ദേവസ്വം ഓഫീസിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ലേലം വേണ്ടെന്ന് വെയ്ക്കുന്നതിനോ യുക്തമെന്ന് തോന്നുന്നതായ മറ്റു ഭേദഗതികൾ വരുത്തുന്നതിനോ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരമുള്ളതാകുന്നു.

**ഒപ്പ്**
**സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ**
**ഇൻചാർജ്ജ്**

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്, തൃശ്ശൂർ
തിയ്യതി.18/02/2019

# ലേല പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും എല്ലാവരും അറിയുന്നതിനായി.

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചോറ്റാനിക്കര ക്ഷേത്രത്തിൽ ദർശനത്തിന് വരുന്നതായ ഭക്തജനങ്ങൾക്ക് **2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 കൂടി വഴിവാട് കതിനവെടി** നടത്തുന്നതിനുള്ള പിരിവെടുക്കുന്നതിനുള്ള അവകാശം **2019 മാർച്ച് മാസം 15-ാം തിയ്യതി ഉച്ചക്ക് 12.30 മണിക്ക്** ചോറ്റാനിക്കര ദേവസ്വം ഓഫീസിൽ വെച്ച് പരസ്യമായി ലേലം വിളിച്ച് ഏൽപ്പിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

ലേലത്തിന് പങ്കെടുക്കുന്നതിന് ആഗ്രഹിക്കുന്നവർ സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും പേർ 1 ക്ക് 50,000/- (അമ്പതിനായിരം) ഉറുപ്പിക വീതം അഡ്വാൻസ് കെട്ടിവെയ്ക്കേണ്ടതും ആകുന്നു. അഡ്വാൻസ് സംഖ്യ കെട്ടിവയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുക്കുന്നതിന് അനുവദിക്കാത്തതും ആകുന്നു.

വെടിവഴിപാട് ലേലത്തിൽ പങ്കെടുക്കുന്ന ആൾക്ക് LE-3 ലൈസൻസ് ഉണ്ടായിരിക്കേണ്ടതും LE-2 ലൈസൻസ് പ്രകാരം ക്ഷേത്രത്തിന് ആവശ്യമായ Quantity വെടിമരുന്ന് സപ്ലൈ ചെയ്യേണ്ടതുമാണ്. ലൈസൻസ് ഹാജരാക്കാത്തവരെ ആരെയും ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. അഹിന്ദുക്കളെ ലേലത്തിൽ ചേരുവാൻ അനുവദിക്കുന്നതല്ല.

ലേലം ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുകളുടെ പേരിൽ മൂന്നു വാക്ക് വിളിച്ചു നിർത്തി ഉറപ്പിക്കുന്നതും ലേലംകൊണ്ട ആൾ ലേല സംഖ്യയുടെ 15% തൽക്ഷണം കെട്ടിവെയ്ക്കേണ്ടതും ബാക്കി 10% ബഹുമാനപ്പെട്ട ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാണ്.

ടെൻണ്ടർ വെയ്ക്കുവാൻ ആഗ്രഹിക്കുന്നവർ ആയത് വെള്ളക്കടലാസിൽ സംഖ്യ എഴുതി 50,000/-ക(അമ്പതിനായിരം) യുടെ ഡിമാന്റ് ഡ്രാഫ്റ്റ് സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ, കൊച്ചിൻ ദേവസ്വം ബോർഡ് എന്ന പേരിൽ അടക്കം ചെയ്ത കവറിൽ സീൽ ചെയ്ത് പുറത്ത് **"ചോറ്റാനിക്കര ഭഗവതി ക്ഷേത്രം 2019-2020 വെടി ലേല ടെൻണ്ടർ"** എന്നെഴുതി ലേലത്തിന് 1 മണിക്കൂർ മുൻപ് ചോറ്റാനിക്കര ദേവസ്വത്തിൽ കിട്ടത്തകവിധം അയച്ചിരിക്കേണ്ടതാകുന്നു. ലേലം കഴിഞ്ഞ ഉടനെ തന്നെ ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ ടെൻഡർ തുറക്കുന്നതും ലേലത്തെക്കാൾ കൂടുതൽ സംഖ്യക്ക് ടെണ്ടർ ഉണ്ടെങ്കിൽ ആയത് ഉറപ്പിക്കുന്നതിന് ശുപാർശ ചെയ്യുന്നതുമാകുന്നു.

ലേല സംഖ്യയിൽ ബാക്കി അടയ്ക്കേണ്ടതായ സംഖ്യ മൂന്ന് തുല്യ ഗഡുക്കളായി ജൂലൈ, നവംബർ, ഫെബ്രുവരി എന്നീ മാസങ്ങളിൽ 10-ാം തിയ്യതിക്കകം അടച്ച് രശീതി വാങ്ങേണ്ടതാകുന്നു. അപ്രകാരം സംഖ്യ അടയ്ക്കാതിരുന്നാൽ 100/-കയ്ക്ക് 20% വീതം കൂടുന്ന പലിശയോടുകൂടി അടയ്ക്കേണ്ടതാകുന്നു.

ലേലം കൊണ്ട ആളുടെ തൊട്ടടുത്ത് കൂടുതൽ സംഖ്യയ്ക്ക് വിളിച്ച ആളുടെ ഒഴികെ ബാക്കിയുള്ളവരുടെ അഡ്വാൻസ് സംഖ്യ ലേലാവസാനത്തിൽ മടക്കി കൊടുക്കുന്നതും ലേലക്കാരൻ അഡ്വാൻസായി കെട്ടിവെച്ച 50,000/-ക ലേല കാലാവധിയുടെ അവസാനം ടിയാന് ദേവസ്വത്തിലേക്ക് ബാദ്ധ്യതയൊന്നുമില്ലെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം മടക്കി കൊടുക്കുന്നതുമാകുന്നു. ലേലം സ്ഥിരപ്പെടുത്തുന്നതു തുടങ്ങി ലേല നടപടികൾ അവസാനിക്കുന്ന മുറക്ക് രണ്ടാമതായി ലേലം കൊണ്ടുവരുന്ന വ്യക്തിയുടെ അഡ്വാൻസ് സംഖ്യ മടക്കി നൽകുന്നതാണ്.

ലേല നടപടികൾ ലേലം സ്ഥിരപ്പെടുത്തി കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്നും ഉത്തരവാകുന്നതുവരെ തുടരുന്നതും അതിനുമുൻപ് ലേലം പൂർത്തിയായെന്നു കരുതുവാൻ പാടില്ലാത്തതും ആകുന്നു. ലേല നടപടികൾ പരിശോധിച്ച് ഏതെങ്കിലും രീതിയിലുള്ള അപാകതകൾ കാണുന്നപക്ഷം വീണ്ടും ലേലം ചെയ്യുന്നതിന് ബോർഡിന് അധികാരമുള്ളതുമാകുന്നു.

ലേലം സ്ഥിരപ്പെടുത്തി കൽപ്പന വന്നാൽ ഉടനെ ലേലക്കാരന് ദേവസ്വത്തിൽ നിന്ന് അറിവു കൊടുക്കുന്നതും ലേലക്കാരൻ ദേവസ്വത്തിൽ നിന്ന് തയ്യാറാക്കി തരുന്ന പ്രകാരം **"കച്ചീട്ട്"** എഴുതി മുദ്രപത്രത്തിൽ ലേലക്കാരന്റെ സ്വന്തം ചിലവിൽ എഴുതി തരേണ്ടതാകുന്നു. കച്ചീട്ട് വ്യവസ്ഥ പ്രകാരം പ്രവർത്തിക്കാതിരുന്നാൽ ടിയാൻ അടച്ചിട്ടുള്ളതായ സംഖ്യ പിഴയായി പിടിച്ച് മുതൽ കൂട്ടുന്നതും ടിയാന്റെ ഉത്തരവാദിത്വത്തിൽ ടി അവകാശം രണ്ടാമതും ലേലം നടത്തുന്നതും അതിൽവെച്ച് ലാഭമുണ്ടായാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടം സംഭവിച്ചാൽ ടിയാനിൽ നിന്നും നികുതി ബാക്കി വസൂലാക്കുന്ന രീതിയിൽ വസൂൽ ചെയ്യുന്നതും അതിൽ വരുന്നതായ സകലവിധ കഷ്ടനഷ്ടങ്ങൾക്കും ടിയാൻ ബാദ്ധ്യസ്ഥനുമാണ്.

വഴിവാട് കതിനവെടി നടത്തുന്നതിനുള്ള അവകാശം പിരിവെടുക്കുന്നതിന് ഹിന്ദുക്കളല്ലാത്തവരെ അനുവദിക്കുന്നതല്ല. വഴിവാട് കതിനവെടി നടത്തുന്നതിനുള്ള അവകാശം ലേലം കൊണ്ട ആൾ വഴിവാട്കാരിൽ നിന്നും ഏതൊരു വെടിക്കും വെടി 1-ന് 15/- (പതിനഞ്ച് ഉറുപ്പിക) പ്രകാരം മാത്രം വസൂൽ ചെയ്ത് വഴിവാട് നടത്തേണ്ടതാകുന്നു. പതിവായി ദിവസവും വലിയ കതിനകൾ ഉപയോഗിച്ച് നിയമവെടികളും വിശേഷാൽ എഴുന്നെള്ളിച്ച് പോകുമ്പോൾ നടത്തിവരുന്ന ആചാരവെടികളും അനുഭവം പറ്റാതെയും ആക്ഷേപങ്ങൾ കൂടാതെയും ലേലക്കാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ നടത്തേണ്ടതുമാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WPC No.6412/12 ഉത്തരവ് പ്രകാരം LE2 ലൈസൻസി അനുവദിക്കപ്പെട്ട സ്ഥലത്തിന് ഇൻഷൂർ എടുക്കേണ്ടതും, ക്ഷേത്രത്തിൽ ലേല കാലാവധിയിൽ ഉൾപ്പെടുന്ന കാലയളവിലുള്ള വെടികൾ മുഴുവൻ ലേലക്കാരന്റെ ചുമതലയിലും ഉത്തരവാദിത്വത്തിലും ആകുന്നു. എക്സ്പ്ലോസീവ് ആക്ട് അനുശാസിക്കുന്ന ലൈസൻസ്, 3rd Party Claim അടക്കം ലഭിക്കുന്നതായി ഇൻഷുറൻസ് മറ്റു സുരക്ഷാ നടപടികൾ ഇവയെല്ലാം ലേലക്കാരന്റെ ഉത്തരവാദിത്വത്തിൽ പരിപാലിക്കേണ്ടതും അവയുടെ ലംഘനം നിമിത്തമോ ലേലക്കാരന്റേയോ,

ടിയാന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടേയോ അശ്രദ്ധ നിമിത്തമോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ചോറ്റാനിക്കര ദേവസ്വത്തിനോ കൊച്ചിൻ ദേവസ്വം ബോർഡിനോ യാതൊരുവിധ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു. കൂടാതെ ലേലം കൊണ്ട സംഖ്യയ്ക്ക് തുല്യമായ ബാങ്ക് ഗ്യാരന്റി ടിയാൻ ഹാജരാക്കേണ്ടതുമാണ്. ലേലക്കാരൻ വെടിവഴിപാട് ചെയ്ത് പ്രവൃത്തി മുഴുവനായി സ്വന്തം ചിലവിൽ ഇൻഷൂർ ചെയ്ത് സർട്ടിഫിക്കറ്റ് പ്രവൃത്തി ഏറ്റെടുക്കുന്നതിനുമുമ്പായി ദേവസ്വത്തിൽ ഹാജരാക്കേണ്ടതാണ്.

ലേലത്തെ സംബന്ധിച്ച് മേൽ നിശ്ചയിച്ചിട്ടുള്ള സംഗതികൾക്ക് വിരുദ്ധമായി ലേലക്കാരനോ ടിയാന്റെ തൊഴിലാളികളോ ആക്ഷേപങ്ങൾക്ക് ഇടവരുത്തുകയോ മറ്റോ ചെയ്താൽ ലേലം ദുർബലപ്പെടുത്തുന്നതിന് ദേവസ്വം ബോർഡിന് അധികാരമുള്ളതാകുന്നു. ഇതിനു പുറമെ ലേലക്കാരൻ ദേവസ്വത്തിൽ കെട്ടിവെച്ച സംഖ്യ പിഴയായി പിടിച്ച് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം വിളിക്കുന്നതുമാകുന്നു.

ഏതെങ്കിലും കാരണവശാൽ ഈ അവകാശം രണ്ടാമതും ലേല വിളിക്കേണ്ടതായി വന്നാൽ അതിൽ വെച്ച് ലാഭമുണ്ടായാൽ ലേലക്കാരന് അവകാശമില്ലാത്തതും നഷ്ടം സംഭവിച്ചാൽ ടിയാനിൽ നിന്നും വസൂലാക്കിയെടുക്കുന്നതിനും ദേവസ്വത്തിന് അധികാരമുള്ളതാകുന്നു. ലേലക്കാരൻ സ്വന്തം ചിലവിൽ വെടിയുടെ നിരക്ക് പ്രദർശിപ്പിക്കേണ്ടതും ആകുന്നു. ലേലത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ആഗ്രഹിക്കുന്നവർ ഈ ഓഫീസിലോ ചോറ്റാനിക്കര ദേവസ്വം ഓഫീസിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ലേലം വേണ്ടെന്ന് വെയ്ക്കുന്നതിനോ യുക്തമെന്ന് തോന്നുന്നതായ മറ്റു ഭേദഗതികൾ വരുത്തുന്നതിനോ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരമുള്ളതാകുന്നു.

**ഒപ്പ്**
**സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ**
**(ഇൻചാർജ്ജ്)**

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്, തൃശ്ശൂർ
തിയ്യതി. 22/02/2019